# കേരളസർക്കാർ

## ജലവിഭവവകുപ്പു (ചെറുകിടജലസേചന ഉപ വിഭാഗം)

## പുനർ ലഘുദർഘാസ് പരസ്യം

നം.ഡിബിടി-5/2017-18 തിയതി, 19/02/2018.

കേരള ഗവർണ്ണർക്കു വേണ്ടി ഇരിഞ്ഞാലക്കുട ചെറുകിട ജലസേചന ഉപ വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ താഴെ പറയുന്ന പ്രവൃത്തികൾക്ക് നിശ്ചിത യോഗ്യതയുള്ള കരാറുകാരിൽ നിന്നും പ്രവൃത്തിയുടെ പേരെഴുതി മുദ്ര വെച്ച മത്സര സ്വഭാവമുള്ള ദർഘാസുകൾ ക്ഷണിച്ചു കൊള്ളുന്നു. ടി ദർഘാസുകൾ താഴെ പറയുന്ന ദിവസം 3.00പി.എം. വരെ സ്വീകരിക്കുകയും അന്നേ ദിവസം 3.30 പി.എംന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥരോ തൽസമയം ഹാജരായിട്ടുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമാണ്. ഏതെങ്കിലും കാരണവശാൽ നിശ്ചിത ദിവസം അവധിയായിരുന്നാൽ അതിനടുത്തുള്ള പ്രവൃത്തി ദിവസം ദർഘാസുകൾ പരിഗണിയ്ക്കുന്നതാണ്. ദർഘാസിന്റെ കാലാവധി അത് സ്വീകരിയ്ക്കുന്ന തീയതി മുതൽ 4 മാസം വരെ ആയിരിക്കും. ദർഘാസ് ഫോറങ്ങളുടെ വിൽപ്പനയും ദർഘാസ് സ്വീകരിയ്ക്കുന്നതും തുറക്കുന്നതുമായ തീയതികളും താഴെ കാണിച്ചിരിക്കുന്ന പ്രകാരമായിരിക്കും.

| ക്രമ നം. | പുനർദർഘാസ് നം | പ്രവൃത്തിയുടെ പേര്/അടങ്കൽ തുക | നിരത ദ്രവ്യം രൂപ | ഫാറത്തിന്റെവിലരൂപ | കരാറുകാരന്റെ കുറഞ്ഞ യോഗ്യത | പ്രവൃത്തിതീർക്കേണ്ട കാലാവധി |
|---|---|---|---|---|---|---|
| 1 | 21/എഇഇ/എം. ഐ/ഐ.ജെ.കെ | റെനോവേഷൻ ഓഫ്ടാങ്ക്സ്& പോണ്ട്സ് അണ്ടർ ഹരിതകേരളം - പറപ്പൂക്കര ഗ്രാമ പഞ്ചായത്തിലെള്ള ളാട്ടുകുളത്തിന്റെ അഭിവൃദ്ധി പണികൾ (40,000 രൂപ) | 1000 | 300+12%GST | ഡി ക്ലാസ് | 1 മാസം |
| 2 | 22/എഇഇ/എം. ഐ/ഐ.ജെ.കെ | റെനോവേഷൻ ഓഫ്ടാങ്ക്സ്& പോണ്ട്സ് അണ്ടർ ഹരിതകേരളം - പുതുക്കാട് ഗ്രാമ പഞ്ചായത്തിലെ യിലെ മുത്തൻപേട്ട കുളത്തിന്റെ അഭിവൃദ്ധി പണികൾ (35,000 രൂപ) | 900 | 300+12%GST | ഡി ക്ലാസ് | 1 മാസം |
| 3 | 23/എഇഇ/എം. ഐ/ഐ.ജെ.കെ | റെനോവേഷൻ ഓഫ്ടാങ്ക്സ്& പോണ്ട്സ് അണ്ടർ ഹരിതകേരളം– വേളൂക്കരഗ്രാമ പഞ്ചായത്തിലെ യിലെ ശങ്കരൻ കുളത്തിന്റെ അഭിവൃദ്ധി പണികൾ (25,346രൂപ) | 650 | 300+12%GST | ഡി ക്ലാസ് | 1 മാസം |

| | | | | | | |
|---|---|---|---|---|---|---|
| 4. | 24/എഇഇ/എം. ഐ/ഐ.ജെ.കെ | റെനോവേഷൻ ഓഫ്ടാങ്ക്സ്& പോണ്ട്സ് അണ്ടർ<br>ഹരിതകേരളം– പൂമംഗലംഗ്രാമ പഞ്ചായത്തിലെ യിലെചെറിയകുള ത്തിന്റെ അഭിവൃദ്ധി പണികൾ (24,668രൂപ) | 650 | 300+12%GST | ഡി ക്ലാസ് | 1 മാസം |
| 5 | 25/എഇഇ/എം. ഐ/ഐ.ജെ.കെ | റെനോവേഷൻ ഓഫ്ടാങ്ക്സ്& പോണ്ട്സ് അണ്ടർ<br>ഹരിതകേരളം– കാറളംഗ്രാമ പഞ്ചായത്തിലെ യിലെ പൊട്ട കുളത്തിന്റെ അഭിവൃദ്ധി പണികൾ (22,922രൂപ) | 600 | 300+12%GST | ഡി ക്ലാസ് | 1 മാസം |
| 6 | 26/എഇഇ/എം. ഐ/ഐ.ജെ.കെ | റെനോവേഷൻ ഓഫ്ടാങ്ക്സ്& പോണ്ട്സ് അണ്ടർ<br>ഹരിതകേരളം– വെള്ളാങ്കല്ലൂർഗ്രാമ പഞ്ചായത്തിലെ യിലെ ഗോതമ്പു കുളത്തിന്റെ അഭിവൃദ്ധി പണികൾ (17,513രൂപ) | 450 | 300+12%GST | ഡി ക്ലാസ് | 1 മാസം |

ദർഘാസ് പ്രമാണങ്ങളുടെവിൽപ്പന തീയതിയുംസമയവും : 22/02/18ഉച്ചയ്ക്ക് 1 മണിവരെ

പൂരിപ്പിച്ച ദർഘാസ് പ്രമാണങ്ങൾ - സ്വീകരിക്കുന്ന അവസാന തീയതിയുംസമയവും : 27/02/18ഉച്ചതിരിഞ്ഞ് 3 മണിവരെ

ദർഘാസ്തുറക്കുന്ന തീയതി : 27/02/18ഉച്ചതിരിഞ്ഞ് 3.30 മണിക്ക്

പ്രവൃത്തിയുമായി ബന്ധപ്പെട്ട ഡിവിഷൻ : മൈനർ ഇറിഗേഷൻ ഡിവിഷൻ,തൃശ്ശൂർ

ദർഘാസ് പ്രമാണവും മറ്റു വിശദ വിവരങ്ങളും താഴെ ഒപ്പു വെച്ചിരിക്കുന്ന ഓഫീസറുടെ കാര്യാലയത്തിൽ നിന്നും ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണങ്ങൾ പരസ്പരം കൈമാറാൻ പാടില്ലാത്തതാകുന്നു. ദർഘാസുകളോടൊപ്പം 200 രൂപയുടെ (ഇരുനൂറ്രൂപ) മുദ്രപത്രത്തിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തിയ പ്രാഥമിക ഉടമ്പടി ഒപ്പിട്ടു അടക്കം ചെയ്യേണ്ടതാണ്. നിരത ദ്രവ്യം ഇരിഞ്ഞാലക്കുട മൈനർ ഇറിഗേഷൻ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യുട്ടീവ് എഞ്ചിനീയറുടെ പേരിൽ വാങ്ങിയ നിശ്ചിത തുകയ്ക്കുള്ളതും അദ്ദേഹത്തിന് ഏതു സമയത്തും മാറാത്തക്ക വിധത്തിൽ അധികാരപ്പെടുത്തിയതുമായിരിക്കണം. ദർഘാസ്സിനോടൊപ്പം ദർഘാസ് വാങ്ങിയ രശീതിയും ഉള്ളടക്കം ചെയ്യേണ്ടതാണ്. കരിയായ വിധത്തിലുള്ള പ്രാഥമിക ഉടമ്പടി യഥാക്രമം പൂരിപ്പിച്ച് അടക്കം ചെയ്തിട്ടില്ലാത്തതും ആവശ്യമായ നിരതദ്രവ്യം കെട്ടിവെക്കാത്തതുമായ ദർഘാസുകൾ നിരസിക്കുന്നതാണ്.

1991 ലെ കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി നിയമത്തിലെ (2) വകുപ്പ് അനുസരിച്ച് പണികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരൻ നിർമ്മാണ പ്രവൃത്തിയുടെ മൊത്തം ചിലവിന്റെ 1% നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഫണ്ടിലേക്ക് നൽകുവാൻ ബാധ്യസ്ഥനാണ്.

കേരള പൊതുമരാമത്ത്/ജലസേചന വകുപ്പിലെ ദർഘാസുകളെ സംബന്ധിച്ച് നിലവിലുള്ള എല്ലാ വ്യവസ്ഥകളും ഈ ദർഘാസിനും ബാധകമായിരിക്കും.

ജി.ഒ(എം.എസ്)നമ്പർ 135/97/ കോ.ഓപ്പ. തീയതി.13.11.97 ലുള്ള നിബന്ധനകൾക്കും വിധേയമായി മാത്രമേ ലേബർ കോൺട്രാക്റ്റ് സഹകരണസംഘങ്ങളിൽ നിന്നും ടെണ്ടറുകൾ സ്വീകരിയ്ക്കുകയുള്ളൂ. എം.പി.എൽ.എ.ഡി. പണികൾക്ക് ടെണ്ടർ എക്സസ് അനുവദിക്കുന്നതല്ല.

കരാറുകാർ പിൻ കോഡ് നമ്പർ ഉൾപ്പെടെയുള്ള അഡ്രസ്സ് രേഖപ്പെടുത്തേണ്ടതാണ്.

ചെറുകിട ജലസേചന ഉപവിഭാഗം,
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം,
ഇരിഞ്ഞാലക്കുട.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ.
കേരള ഗവർണർക്കുവേണ്ടി.

1.ഐ.ടി.സെൽ, തിരുവനന്തപുരം.
2.നോട്ടീസ് ബോർഡ്.
3.തൃശ്ശൂർ, മൈനർ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അയയ്ക്കുന്നു.